## പതിമൂന്നാം കേരളനിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2519** **19/12/2012 ലെ മറുപടിക്ക്**

**കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഔട്ട്ലെറ്റുകൾ**

**ചോദ്യം** **മറുപടി**

ശ്രീമതി കെ. എസ്. സലീഖ

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഔട്ട് ലെറ്റുകൾ തുടങ്ങാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; നവംബർ 30 വരെ ഇതിൽ എത്രയെണ്ണം തുടങ്ങാനായി; വിശദമാക്കുമോ; | (എ) | നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തൊട്ടാകെ 35 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഔട്ട്ലെറ്റുകൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. എല്ലാ ജില്ലകളിലും ഇത് ആരംഭിക്കുന്നുണ്ട്. നവംബർ 30 വരെ തിരുവനന്തപുരം ജില്ലയിൽ മെഡിക്കൽ കോളേജ് ഒ.പിയ്ക്ക സമീപവും കല്ലറ സാമൂഹികാരോഗ്യ കേന്ദ്രത്തിലും ആയി ഓരോ ഔട്ട്ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | 'ഫാമിലി മെഡിസിൻ പദ്ധതി' ക്ക് രൂപം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുവോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) | 'ഫാമിലി മെഡിസിൻ പദ്ധതി' പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം സിറ്റിയിൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം പതിവായി മരുന്ന് ഉപയോഗിക്കുന്ന രോഗികൾക്ക് ഒരു നിശ്ചിത തുക മുൻകൂറായി അടച്ച് അധിക കിഴിവോടുകൂടി അവർ ആവശ്യപ്പെടുന്ന ദിവസം ആവശ്യപ്പെടുന്ന മരുന്ന് എല്ലാ മാസവും രോഗികളുടെ വീടുകളിൽ എത്തിക്കുന്നു. ഇങ്ങനെ മരുന്ന് നൽകുന്നതോടൊപ്പം അധിക കിഴിവ് ലഭിക്കുന്നതിന് പുറമെ അവർ ഫാർമസിയിലേക്ക് വരേണ്ട ആവശ്യമേയില്ല. |

| | | | |
|---|---|---|---|
| (സി) | മരുന്നുകൾ സ്ഥിരമായി ഉപയോഗിക്കുന്ന രോഗികൾക്കുള്ള ലോയൽറ്റി ഡിസ്കൗണ്ട് കാർഡിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത കാർഡിനായി എത്രപേർ ഇതുവരെ അപേക്ഷ നൽകി; പ്രസ്തുത കാർഡ് ഉപയോഗിക്കുന്നവർക്ക് എത്ര ശതമാനം വിലക്കുറവ് മരുന്നുകൾക്ക് വരും; കാരുണ്യ ഔട്ട് ലെറ്റുകൾ വഴിയാണോ മരുന്നുകൾ നൽകുന്നത്; വിശദമാക്കുമോ? | (സി) | ലോയൽറ്റി ഡിസ്കൗണ്ട് കാർഡ് പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത് സ്ഥിരമായി കാരുണ്യ ഫാർമസിയിൽ നിന്നും മരുന്നുകൾ വാങ്ങുന്നവർക്കായിട്ടാണ്. ഈ പദ്ധതിയിൽ 2729 പേർ ഇതുവരെ അംഗങ്ങളായിട്ടുണ്ട്.<br>കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേനയാണ് പദ്ധതിക്കുള്ള മരുന്ന് വിതരണം ചെയ്യുന്നത്. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖാന്തിരം മരുന്നുകൾ പൊതുവിപണിയിലുള്ള തിനേക്കൾ 20 മുതൽ 90 ശതമാനം വരെ വിലക്കുറവിൽ ലഭ്യമാക്കുന്നുണ്ട്. കൂടാതെ ലോയൽറ്റി കാർഡുകൾ മുഖേന മരുന്നുകൾ വാങ്ങുമ്പോൾ ഒരു ശതമാനം Discount ഉം1% Bonus Point ഉം അടക്കം രണ്ട് ശതമാനം അധിക കിഴിവും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ